**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3808** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ സസ്പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാല എൻജിനീയറിങ് വകുപ്പിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ആയി ജോലി നോക്കി വന്ന ശ്രീ സഹീർ ബാബു കെ. ടി., എന്നയാളെ യൂണിവേഴ്സിറ്റി സസ്പെൻഡ് ചെയ്തത് ഏത് തീയതി മുതൽക്കാണ്; | (എ) | ശ്രീ. സഹീർ ബാബു കെ.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (സിവിൽ) 18.02.2024 മുതൽ സസ്പെൻഷനിൽ തുടരുന്നു. |
| (ബി) | ടിയാനെ സസ്പെൻഡ് ചെയ്തതിനുശേഷം കുറ്റപത്രം നൽകിയത് എന്നാണ് ; കുറ്റപത്രം നൽകുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | സസ്പെൻഷന് ശേഷം, അന്വേഷണ കമ്മിറ്റി തയ്യാറാക്കിയ കുറ്റപത്രം 10.11.2024 നാണ് ശ്രീ. സഹീർ ബാബു കെ.ടി.ക്ക് നൽകിയത്. സസ്പെൻഷന് ശേഷം ഏകദേശം എട്ട് മാസങ്ങൾക്ക് ശേഷമാണ് ടിയാന് സർവകലാശാല കുറ്റപത്രം നൽകിയിട്ടുള്ളത്. |
| (സി) | കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പ് ടിയാന് നിയമപ്രകാരം നൽകേണ്ടതുണ്ടോ; കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മുഴുവൻ രേഖകളുടെയും പകർപ്പ് യൂണിവേഴ്സിറ്റി ടിയാന് കുറ്റപത്രത്തോടൊപ്പം നൽകിയിട്ടുണ്ടായിരുന്നോ; വിശദമാക്കുമോ; | (സി) | കാലിക്കറ്റ് സർവ്വകലാശാലാ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, ചാപ്റ്റർ - 4, പാർട്ട് മൂന്ന്, സ്റ്റാറ്റ്യൂട്ട് - 32 പ്രകാരം കുറ്റാരോപണപത്രം ലഭിച്ച ഒരു സർവ്വകലാശാലാ ജീവനക്കാരന്, അപേക്ഷിക്കുന്ന പക്ഷം, തന്റെ എതിർവാദ പ്രസ്താവന തയ്യാറാക്കുന്നതിനായി കേസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കാനോ അവയിൽ നിന്ന് പകർപ്പുകൾ എടുക്കാനോ അർഹതയുണ്ട്. കുറ്റപത്രത്തോടൊപ്പം രേഖകൾ ഒന്നും നൽകിയിരുന്നില്ല. എന്നാൽ കുറ്റപത്രത്തിൽ പറയുന്ന അനുബന്ധ രേഖകൾ പരിശോധിക്കാം എന്ന് Memo of charges ൽ ശ്രീ. സഹീർ ബാബു കെ.ടി. യെ സർവകലാശാല അറിയിച്ചിരുന്നു. |
| (ഡി) | കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മുഴുവൻ രേഖകളുടെയും പകർപ്പുകൾ ടിയാന് പിന്നീട് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ ഇനി എത്ര രേഖകളാണ് നൽകാൻ ബാക്കിയുള്ളത്; കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള രേഖകളുടെ പകർപ്പുകൾ ടിയാന് നൽകുന്നതിൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് കാലതാമസം ഉണ്ടായിട്ടുണ്ടോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ | (ഡി) | കുറ്റപത്രത്തിൽ പരാമർശിച്ചിട്ടുള്ള 54 രേഖകളുടെ പകർപ്പുകൾ ശ്രീ. സഹീർ ബാബുവിന് സർവകലാശാല നല്കിയിട്ടിട്ടുണ്ട്. എന്നാൽ നൽകിയ രേഖകൾ പൂർണ്ണമല്ലെന്നറിയിച്ചുകൊണ്ടും, കൂടുതൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ടും ടിയാൻ നല്കിയ സമർപ്പണം ബന്ധപ്പെട്ട സർവകലാശാലാ സെക്ഷനുകളുടെ പരിഗണനയിലാണ്. ആവശ്യപ്പെട്ട രേഖകൾ വ്യത്യസ്ഥ ബ്രാഞ്ചുകളിൽ |

| | | | |
|---|---|---|---|
| | ആയതിന്റെ കാരണം വിശദമാക്കാമോ ; കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള രേഖകൾ ടിയാന് യൂണിവേഴ്സിറ്റി ഭാഗികമായി നൽകിയിട്ടുണ്ടെങ്കിൽ നൽകിയ തീയതികൾ വ്യക്തമാക്കാമോ; | | നിന്നും സെക്ഷനുകളിൽ നിന്നും ക്രോഡീകരിക്കേണ്ടതിനാൽ രേഖകൾ ലഭ്യമാക്കുന്നതിൽ സ്വാഭാവിക കാലതാമസം ഉണ്ടായിട്ടുണ്ട്. 18.06.2025 തീയതിയിലാണ് ജീവനക്കാരന് രേഖകൾ കൈമാറിയത്. |
| (ഇ) | ടിയാന്റെ സസ്പെൻഷനെ തുടർന്ന് ഔപചാരിക അന്വേഷണത്തിനു വേണ്ടി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ആരെല്ലാമാണ് അന്വേഷണ കമ്മിറ്റിയിലെ അംഗങ്ങൾ; പ്രസ്തുത കമ്മിറ്റി 15/9/2025 വരെ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; അന്വേഷണ കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് ലഭ്യമാക്കാമോ ; | (ഇ) | ശ്രീ. സഹീർ ബാബു കെ.ടി. ക്കെതിരായ ആരോപണങ്ങൾ അന്വേഷിക്കുന്നതിനായി 18.02.2024 ലെ സർവകലാശാലാ ഉത്തരവ് നം.2729/2024/അഡ്മിൻ പ്രകാരം, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. പി.കെ. ഖലീമുദ്ധീൻ, അഡ്വ. ലിജീഷ്, ഡോ. റിച്ചാർഡ് സ്കറിയ എന്നിവർ അടങ്ങിയ ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ യോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട സർവകലാശാലാ സെക്ഷനുകളിൽ ലഭ്യമല്ല. അന്വേഷണ കമ്മിറ്റിക്ക് സ്വയമേ തന്നെ യോഗങ്ങൾ കൂടാവുന്നതാണ്. |
| (എഫ്) | കാലിക്കറ്റ് സർവകലാശാല നിയമമനുസരിച്ച് ഒരു ജീവനക്കാരനെ സസ്പെൻഡ് ചെയ്താൽ മൂന്നുമാസത്തിനകം കുറ്റപത്രം നൽകേണ്ടതുണ്ടോ ; അച്ചടക്ക നടപടികൾ സസ്പെൻഷൻ കാലാവധി മുതൽ ആറു മാസത്തിനകം തീർക്കേണ്ടതുണ്ടോ; സർവകലാശാല നിയമമനുസരിച്ച് അച്ചടക്ക നടപടികൾ അനന്തമായി നീട്ടിക്കൊണ്ടു പോകുവാൻ സാധിക്കുമോ ; | (എഫ്) | കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം ഒരു ജീവനക്കാരനെ സസ്പെൻഡ് ചെയ്താൽ മൂന്നു മാസത്തിനകം കുറ്റപത്രം നൽകണമെന്നോ അച്ചടക്ക നടപടികൾ സസ്പെൻഷൻ കാലാവധി മുതൽ ആറു മാസത്തിനകം തീർക്കണമെന്നോ നിഷ്കർഷിക്കുന്നില്ല. എന്നാൽ സ്റ്റാറ്റ്യൂട്ട് 45 പ്രകാരം സസ്പെൻഡ് ചെയ്യപ്പെട്ട ജീവനക്കാരനെതിരെയുള്ള അന്വേഷണം ത്വരിതപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ജി) | കാലിക്കറ്റ് സർവകലാശാല നിയമമനുസരിച്ച് കുറ്റപത്രവും അനുബന്ധരേഖകളും നൽകുന്നതിൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് കാലതാമസം ഉണ്ടായാൽ സസ്പെൻഷൻ എത്ര കാലം വരെ നീട്ടിക്കൊണ്ടുപോകാൻ സാധിക്കും ; വിശദമാക്കുമോ? | (ജി) | കാലിക്കറ്റ് സർവകലാശാല നിയമമനുസരിച്ച് കുറ്റപത്രവും അനുബന്ധ രേഖകളും നൽകുന്നതിൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് കാലതാമസം ഉണ്ടായാൽ സസ്പെൻഷൻ എത്ര കാലം വരെ നീട്ടിക്കൊണ്ടുപോകാൻ സാധിക്കും എന്നതിനെക്കുറിച്ച് പരാമർശങ്ങൾ ഇല്ല. എന്നാൽ സ്റ്റാറ്റ്യൂട്ട് 45 പ്രകാരം സസ്പെൻഡ് ചെയ്യപ്പെട്ട ജീവനക്കാരനെതിരെയുള്ള അന്വേഷണം ത്വരിതപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ